# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 231 | 01.12.2014-ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

**ചോദ്യം**

ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ;വിശദമാക്കുമോ;

(എ) ഉണ്ട്. അമിത പലിശ ഈടാക്കി പണമിടപാട് നടത്തുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) അമിത പലിശ ഈടാക്കി പണമിടപാട് നടത്തുന്നവരേയും, അതിനായി വ്യാജ രേഖകൾ ചമയ്ക്കുകയും, ഗുണ്ടായിസം, ഭീഷണി മുതലായ പ്രവർത്തികൾ ചെയ്യുന്നവരേയും കർശനമായി നിയന്ത്രിക്കുക, അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, അനധികൃത വാഹന വായ്പാ സ്ഥാപനങ്ങൾ എന്നിവയുടെ ചൂഷണങ്ങളിൽ നിന്നും പൊതു ജനങ്ങളെ മുക്തരാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് 'ഓപ്പറേഷൻ കുബേര' എന്ന പേരിലുള്ള നടപടികളിലൂടെ ഉദ്ദേശിക്കുന്നത്.

(സി) അനധികൃത പണമിടപാടു സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ധനകാര്യ സ്ഥാപനങ്ങളേയും സാമ്പത്തിക ഇടപാടുകാരേയും നിരീക്ഷിക്കുക, നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ സ്ഥാപനങ്ങളും വീടുകളും റെയ്ഡ് ചെയ്യുകയും, നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

→

| | |
|---|---|
| (ഡി) ഓപ്പറേഷൻ കുബേര പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിയ്ക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫിസർമാരേയും ബന്ധപ്പെടേണ്ട നമ്പരും, ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ